# നീതിന്യായ സംവിധാനത്തിന്റെ പരിഷ്കരണം

**ഏതു** സമൂഹത്തിന്റെയും സമാധാന ജീവിതവും സുരക്ഷിതത്വവും ആ സമൂഹത്തിൽ നിലനിൽക്കുന്ന നീതിന്യായ വ്യവസ്ഥയുടെ ഭദ്രതയെയും നിയമവാഴ്ചയുടെ സുതാര്യതയെയും ആശ്രയിച്ചിരിക്കുന്നു. ജനായത്ത സമൂഹത്തിലാണെങ്കിൽ ജനാധിപത്യത്തിന്റെ നെടുന്തൂണുകളിലൊന്നാണത്. ശിഥിലമായ നീതിന്യായ വ്യവസ്ഥയും അതാര്യമായ നിയമവാഴ്ചയും ജനാധിപത്യത്തിന്റെ കാതലിനേൽക്കുന്ന ജീർണതയായി കണക്കാക്കപ്പെടുന്നു. നീതിന്യായ സംവിധാനം എല്ലാവരാലും സമാദരിക്കപ്പെടുകയും നിയമത്തിന്റെ മുമ്പിൽ എല്ലാവരും സമന്മാരായിരിക്കുകയും വേണം. നീതിന്യായ വ്യവസ്ഥ അനാദരിക്കപ്പെടുകയും നിയമവാഴ്ച വിവേചനപരമാവുകയും ചെയ്യുന്നതിന്റെ ഫലം അനീതിയും അരാജകത്വവുമായിരിക്കും.

സമൂഹത്തിൽ എല്ലാവർക്കും നീതി ലഭിക്കണം. അതു ലഭിക്കേണ്ട സമയത്തുതന്നെ ലഭിക്കുകയും വേണം. ശക്തനായാലും അശക്തനായാലും നീതിക്കുവേണ്ടി നീണ്ട വർഷങ്ങൾ കാത്തിരിക്കുകയോ ബന്ധപ്പെട്ടവരുടെ വാതിലുകളിൽ നിരന്തരം വിലപിച്ചു മുട്ടിക്കൊണ്ടിരിക്കുകയോ ചെയ്യുന്ന അവസ്ഥയുണ്ടാവരുത്. ഇതൊക്കെ എല്ലാവരും സമ്മതിക്കുന്ന കാര്യങ്ങളാണ്. പക്ഷേ, നമ്മുടെ സമൂഹത്തിൽ ജൂഡീഷ്യറി വേണ്ടവണ്ണം മാനിക്കപ്പെടുന്നില്ലെന്നും നിയമവാഴ്ച അഴിമതിയാൽ മലീമസമാണെന്നും സമ്മതിക്കാത്തവരും ആരുമുണ്ടാവില്ല. ജുഡീഷ്യറിയും എക്സിക്യൂട്ടീവും തമ്മിൽ പോലും പൊരുത്തക്കേടുകളുണ്ടാകുന്നു. കോടതിവിധികൾ നോട്ടുകെട്ടിന്റെ കനമനുസരിച്ചിരിക്കും എന്നുപറയാൻ മന്ത്രിമാർ വരെ ധൈര്യപ്പെടുന്നു. ഒരു വശത്ത് കോടതികളുടെ ആക്ടിവിസം പുകഴ്ത്തപ്പെടുമ്പോൾ കോടതികൾ പരിധി കടക്കുന്നുവെന്ന ആക്ഷേപം മറുവശത്തുണ്ട്. ചിലർ കോടതിവിധികളിൽ പലപ്പോഴും ജനവികാരം പ്രതിഫലിക്കുന്നില്ല എന്ന് ആവലാതിപ്പെടുമ്പോൾ ജനവികാരം കണക്കിലെടുത്ത് നൈതിക മാനങ്ങൾ അവഗണിക്കുന്നു എന്നാണ് മറ്റുചിലരുടെ ആവലാതി. സമൂഹത്തിന്റെ ഇതര മണ്ഡലങ്ങളിൽ നടമാടുന്ന പൊരുത്തക്കേടുകളൊക്കെ നമ്മുടെ നീതിന്യായ സംവിധാനത്തെയും ഗ്രസിച്ചിരിക്കുന്നുവെന്നാണ് മൊത്തത്തിൽ മനസ്സിലാക്കാൻ കഴിയുന്നത്.

സാധാരണക്കാരന് നീതിലഭിക്കുക ക്ഷിപ്രസാധ്യമല്ല. തക്കസമയത്ത് ലഭിക്കുക ഒട്ടും സാധ്യമല്ല എന്നുതന്നെ പറയാം. അവൻ നിരവധി വർഷങ്ങൾ കോടതി വരാന്തകളിൽ നിരങ്ങേണ്ടതുണ്ട്. ലക്ഷക്കണക്കിൽ കേസുകളാണ് കോടതികളിൽ കെട്ടിക്കിടക്കുന്നത്. പല കേസുകളിലും വിധി വരുമ്പോഴേക്കും ആ വിധി അപ്രസക്തവും നിഷ്ഫലവുമായിത്തീർന്നിരിക്കും. വാദിയോ പ്രതിയോ അല്ലെങ്കിൽ രണ്ടു പേരുമോ സിദ്ധികൂടിയ ശേഷം കേസുകളിൽ വിധിയുണ്ടാവുക എന്നതും അപൂർവമല്ല. ഫലത്തിൽ ഇതിലൊക്കെ സംഭവിക്കുന്നത് അവകാശ ഹനനവും നീതിനിഷേധവുമാണ്. നീതിയുടെ വൈകൽ നീതിയുടെ നിഷേധമാണ് എന്ന പ്രസ്താവം എത്ര അന്വർഥം!

നീതി വിലയ്ക്ക് വിൽക്കപ്പെടുകയും വാങ്ങപ്പെടുകയും ചെയ്യുന്നു എന്ന പരാതിയും ഇന്ന് സാധാരണമായിരിക്കുന്നു. കീഴ്ക്കോടതികളിലും മേൽക്കോടതികളിലുമുള്ള ബഹുമാന്യരായ ന്യായാധിപന്മാരെ കുറിച്ചു ചിലപ്പോഴെങ്കിലും പുറത്തുവരുന്ന വാർത്തകൾ മൊത്തം ജുഡീഷ്യറിക്കുതന്നെ അപകീർത്തികരമാണ്. ജനഹൃദയങ്ങളിൽ കോടതികളോടുള്ള ആദരവ് ക്ഷയിക്കാൻ അതും ഒരു കാരണമാകുന്നുണ്ട്.

ജുഡീഷ്യറിയുടെ പവിത്രതയും ആദരണീയതയും സംരക്ഷിക്കുന്നതു സംബന്ധിച്ച് സമൂഹത്തിന്റെ പല തലങ്ങളിലായി ചർച്ച തുടങ്ങിയിട്ട് ഏതാനും വർഷങ്ങളായി. കേസുകളുടെ അസാമാന്യമായ ആധിക്യമാണ് ഏറ്റവും വലിയ പ്രശ്നമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. നിലവിലുള്ള സംവിധാനത്തിന് ഏറ്റെടുക്കാവുന്നതിലും എത്രയോ വലിയ ഭാരമാണത്. ഈ അമിതഭാരം ജുഡീഷ്യറിയുടെ എല്ലാ പ്രവർത്തനങ്ങളെയും താളം തെറ്റിക്കുകയാണ്. സുപ്രീം കോടതിയിൽ പോലും ആയിരക്കണക്കിൽ കേസുകളാണ് തീർപ്പ് കാത്തുകിടക്കുന്നത്. സർക്കാർ കൂടി മനസ്സിരുത്തിയാലേ ഈ പ്രശ്നം പരിഹരിക്കാൻ കഴിയൂ.

ജുഡീഷ്യറിയുടെ പരിഷ്കരണം സംബന്ധിച്ച് കഴിഞ്ഞ മാസം ദൽഹിയിൽ ഒരു സെമിനാർ സംഘടിപ്പിക്കപ്പെടുകയുണ്ടായി. രാഷ്ട്രപതി പ്രതിഭാ പാട്ടീലും പ്രധാനമന്ത്രി മൻമോഹൻസിംഗും സുപ്രീം കോടതി ചീഫ് ജസ്റ്റിസ് കെ.ജി ബാലകൃഷ്ണനും ഉൾപ്പെടെ നിരവധി നിയമപണ്ഡിതന്മാർ അതിൽ പങ്കെടുത്തിരുന്നു. നീതിന്യായ സംവിധാനത്തിന്റെ നിലവിലുള്ള അവസ്ഥയിൽ ആശങ്ക രേഖപ്പെടുത്തിയ രാഷ്ട്രപതി സ്ഥിതിഗതികൾ മെച്ചപ്പെടുത്താൻ ബന്ധപ്പെട്ടവർ സത്വര നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടു. നീതിയുടെ മാനദണ്ഡങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടുതന്നെ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള മാർഗങ്ങൾ ആരായണമെന്നും അവർ നിർദേശിച്ചു. കേന്ദ്രമന്ത്രിസഭ ഈ വിഷയം സഗൗരവം പരിഗണിക്കുന്നുണ്ടെന്ന് സർക്കാർ ഭാഗത്തുനിന്നും പ്രഖ്യാപനമുണ്ടായി. സുപ്രീംകോടതി ജഡ്ജിമാരുടെ എണ്ണം 25-ൽനിന്ന് 30 ആയി വർധിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു. കേസുകൾ കേൾക്കുന്നതിനുള്ള കാലതാമസം നീതിന്യായ സംവിധാനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന് സുപ്രീംകോടതി ചീഫ് ജസ്റ്റിസും സമ്മതിക്കുകയുണ്ടായി. എന്നാൽ വേഗത്തിൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള വ്യഗ്രതയിൽ നീതിയുടെ ഉന്നത മാനദണ്ഡങ്ങൾ അവഗണിക്കപ്പെടാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ടെന്നും അദ്ദേഹം ഓർമിപ്പിച്ചു. ജുഡീഷ്യറിയിൽ പരിഷ്കരണം അനിവാര്യമാണെന്നും അത് വേഗത്തിൽ തന്നെ ഉണ്ടാവണമെന്നും ഉള്ള കാര്യത്തിൽ ആർക്കും തർക്കമില്ലായിരുന്നു. സുപ്രീംകോടതിയിൽ ഏതാനും ജഡ്ജിമാരെ കൂടി നിയമിച്ചതുകൊണ്ടു മാത്രം അതു പൂർത്തിയാകുന്നില്ല. കീഴ്ക്കോടതികളിലും വേണം കൂടുതൽ സൗകര്യങ്ങൾ. ന്യായാസനങ്ങളെക്കുറിച്ചുയരുന്ന, കാലതാമസത്തിനപ്പുറമുള്ള പരാതികളും പരിഗണിക്കപ്പെടേണ്ടതാണ്. ഏതു പരിഷ്കരണ നടപടികളിലേക്ക് കാലൂന്നുമ്പോഴും, ചീഫ് ജസ്റ്റിസ് സൂചിപ്പിച്ചതുപോലെ നീതിയുടെ ഉന്നത മാനദണ്ഡങ്ങൾക്ക് കോട്ടം തട്ടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുകയും വേണം. ■